# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3240 14/7/2015- ലെ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് ആദായനികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഒരു ലക്ഷത്തിലധികം രൂപ സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്തി 10,000 രൂപയിൽ കൂടുതൽ പലിശ ലഭിക്കുന്ന പക്ഷം ആയതിന് നികുതി ഏർപ്പെടുത്തിയ കേന്ദ്ര ആദായ നികുതി വകുപ്പിന്റെ നടപടിയുടെ ഭാഗമായി സഹകരണ ബാങ്കുകളിൽ നിന്ന് വൻതോതിൽ നിക്ഷേപം ചോർന്നു പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ; | (എ) നിക്ഷേപങ്ങളുടെ പലിശ ഇനത്തിൽ ഒരു സാമ്പത്തിക വർഷം 10,000/- രൂപയോ അതിലധികമോ നൽകിയിട്ടുള്ള സഹകരണ ബാങ്കുകൾ ആദായ നികുതി ഈടാക്കണമെന്ന ആദായ നികുതി നിയമത്തിലെ വ്യവസ്ഥ നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുകയും സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും നിക്ഷേപം പിൻവലിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ സംഘങ്ങൾ/ബാങ്കുകൾക്ക് ദോഷകരമാകുമോ എന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായനികുതി നിയമം വകുപ്പ് 194(എ) യിൽ വന്ന ഭേദഗതി പ്രകാരം 2015 ജൂൺ 1 മുതൽ പ്രസ്തുത വ്യവസ്ഥ നിലവിൽ വരികയുണ്ടായി. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത സഹകരണ സംഘങ്ങൾ, അംഗങ്ങളുടെ നിക്ഷേപങ്ങൾക്കു നൽകുന്ന പലിശക്ക് ആദായനികുതി ഈടാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുണ്ട്. |
| ബി) ഈ നടപടിയുടെ ഭാഗമായി സഹകരണ ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തനരഹിതവുമാകുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) രാജ്യത്തൊട്ടാകെ സഹകരണ ബാങ്കുകൾക്കും പോസ്റ്റോഫീസ് ഉൾപ്പെടെ എല്ലാ ബാങ്കുകൾക്കും ബാധകമായ പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കുക കൊണ്ടുമാത്രം സഹകരണ |

ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തന രഹിതവുമാകുന്ന സ്ഥിതി വിശേഷം സംജാതമാകുമെന്നു കരുതുന്നില്ല. എന്നാൽ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് സഹകരണ മേഖലക്ക് ആശങ്കയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായനികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും ആദായനികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയം പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി മാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും, ഇതോടൊപ്പം തന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

സി) ഈ പശ്ചാത്തലത്തിൽ ടി സാഹചര്യം മറികടക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ഒരു സർവ്വകക്ഷി സംഘത്തെ അയക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സി) സർവ്വകക്ഷി സംഘത്തെ അയക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**